**14-ാം കേരള നിയമ സഭ**

**15 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പര്‍. *455** 27.06.2019 **-ല്‍ മറുപടിയ്ക്ക്**

**സ്വാശ്രയ മെഡിക്കല്‍ കോളേജുകളില്‍ ഇതര സംസ്ഥാനക്കാര്‍ക്ക് പ്രവേശനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കല്‍ അബ്ദുല്ല**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**,, പി.കെ.ബഷീര്‍**<br>**,, അബ്ദുല്‍ ഹമീദ് പി** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചര്‍**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി** |
| (എ) കേരളത്തിലെ സ്വാശ്രയ മെഡിക്കല്‍ കോളേജുകളില്‍ ഇതര സംസ്ഥാനക്കാര്‍ക്ക് അഡ്മിഷന്‍ നല്‍കണമെന്ന നിര്‍ദ്ദേശം സംസ്ഥാനത്തുള്ളവരെ പ്രതികൂലമായി ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കില്‍ പ്രതികൂലമായി ബാധിക്കാതിരിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) ബഹു. സുപ്രീം കോടതിയുടെ 10.05.2019 ലെ WP(C)No.380/2019 നമ്പര്‍ കേസിലെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തില്‍ കേരളത്തിന് പുറത്തുള്ള വിദ്യാര്‍ത്ഥികള്‍ക്കും (NK-II) സ്വകാര്യ സ്വാശ്രയ മെഡിക്കല്‍ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടുന്നതിനുള്ള അപേക്ഷ സമര്‍പ്പിക്കുന്നതിന് അവസരം നല്‍കി കൊണ്ട് , സര്‍ക്കാര്‍ ഉത്തരവ് ജി.ഒ(സാ.ധാ)നം.1387/2019/ആ.കു.വ തീയതി 10/06/2019 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് പ്രവേശന പരീക്ഷ കമ്മീഷണര്‍ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ,അതിന്‍പ്രകാരം NK-II വിഭാഗത്തില്‍പ്പെടുന്ന 6987 വിദ്യാര്‍ഥികള്‍ അപേക്ഷിക്കുകയും അതില്‍ 4030 അപേക്ഷകള്‍ സൂക്ഷ്മ പരിശോധന നടത്തി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

ന്യൂനതകൾ ഉള്ള അപേക്ഷകളിന്മേൽ ന്യൂനത പരിഹരിക്കുന്നതിനായി മെമ്മോ നൽകിയിട്ടുമുണ്ട്. ഇതരസംസ്ഥാനക്കാർക്ക് അഡ്മിഷൻ നൽകേണ്ടി വരുമ്പോൾ കേരളത്തിലെ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുമോ എന്നത് ഈ വർഷത്തെ പ്രവേശന നടപടികൾ അവസാനിച്ചാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. ഇത് സർക്കാർ കോളേജുകളിലെ All India Quota സീറ്റുകൾക്ക് സമാനമായ അവസ്ഥയാണ് സംജാതമാകുന്നത്. കാരണം, കേരളത്തിലെ കുട്ടികൾക്ക് മറ്റു സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളിൽ നിലവിൽ അഡ്മിഷൻ എടുക്കാൻ സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ